കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൊഴുതന ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി. പി1- 16/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ

ഫോൺ – 0495 203672.

e-mail:dowyd.ksad@kerala.gov.in

തീയതി16/1/2017.

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

പൊഴുതന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൊഴുതന ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3- ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ള്യു.വൈ.ഡി. പി1- 16/2017

തിയ്യതി:16/1/2017.

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 12.12.2015 മുതൽ 31.03.2016 തിയ്യതി വരെയുമുള്ള വിവിധ
ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ. ചക്രേശ്വര ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.12.2016മുതൽ<br>05.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഒ .കെ. അഗസ്റ്റ്യൻ<br>ഓഡിറ്റ് ഓഫീസർ (ഹ .ഗ്രേ ) |
| | ശ്രീ. ഡേവിഡ് കെ. വി.,<br>അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദു കെ. നായർ<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി റസീന കുഞ്ഞമ്മദ് | 01.04.2015 മുതൽ<br>31.10.2015 വരെ |
| | ശ്രീ. എൻ. സി. പ്രസാദ് | 12.11.2015 മുതൽ<br>31.03.2016 വരെ |

| | | |
|---|---|---|
| | | |
| വൈസ് പ്രസിഡന്റ് | ശ്രീ. ഇ. കെ. ഹുസൈൻ | 01.04.2015മുതൽ 31.10.2015 വരെ |
| | ശ്രീമതി എ. ഇന്ദിര | 12.11.2015 മുതൽ 31.10.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി രാജമ്മ രാജസ്വാമി | 01.04.2015മുതൽ 31.10.2015 വരെ |
| | ശ്രീ. അപ്പച്ചൻ | 12.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി സി. മമ്മി | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി സന്ധ്യ കെ. എം. | 12.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി എ. ഇന്ദിര | 01.04.2015 മുതൽ 31.03.2015 വരെ |
| | ശ്രീ. ജയിംസ് മങ്കുത്തേൽ | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. പ്രദീപൻ സി. പി. | 01.04.2015 മുതൽ 31.03.2016 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മിനു ചാക്കോ | 01.04.2015 മുതൽ 02.04.2015 വരെ |

| | | |
|---|---|---|
| | | |
| | ഡോ. ജയരാജ് സി .ടി. | 03.04.2015 മുതൽ<br>20.04.2015 വരെ |
| | ഡോ. മിനു ചാക്കോ | 21.04.2015 മുതൽ<br>24.01.2016 വരെ |
| | ഡോ. അഷിത എ. കെ. | 25.01.2016 മുതൽ<br>31.03.2016 വരെ |
| മെഡിക്കൽഓഫീസർ<br>(പി .എച്ച് . സി.) | ഡോ. സുഷമ പി . എസ്. | 01.04.2015മുതൽ<br>31.03.2016 വരെ |
| മെഡിക്കൽഓഫീസർ<br>(ആയുർവേദം) | ഡോ. സ്മിത | 01.04 .2015 മുതൽ<br>31.03.2016 വരെ |
| വി. ഇ. ഒ. | ശ്രീ. വിനോദ് | 01.04.2015 മുതൽ<br>07.05.2015 വരെ |
| | ശ്രീ. സജീന്ദ്രകുമാർ കെ. | 08.05.2015 മുതൽ<br>30.12.2015 വരെ |
| | ശ്രീ. മുഹമ്മദ് നൌഫൽ പി.എ. | 31.12.2015 മുതൽ<br>31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ടി. പി. പൌലോസ് | 01.04.2015 മുതൽ<br>31.03.2016 വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീ. മുരളി | 01.04.2015 മുതൽ<br>27.05.2015 വരെ |
| | ശ്രീമതി അജിത | 27.05.2015 മുതൽ<br>31.03.2016 വരെ |
| ടി. ഇ. ഒ. | ശ്രീ. ശ്രീനാഥ് | 01.04.2015 മുതൽ<br>31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജയേഷ് വി. | 01.04.2015 മുതൽ<br>31.03.2016 വരെ |
| ഐ. സി. ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി. ഫിലോമിന | 01.04.2015 മുതൽ<br>31.03.2016 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. അബ്ദുൾ നാസർ | 01.04.2015 മുതൽ<br>31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2 | | |
| 13 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത. | 2-1 | |
| 14 | തൊഴിൽ നികുതി അപാകതകൾ | 2-2 | |
| | ഭാഗം 3 | | |
| 15 | കരാറുകാരൻ/കൺവീനർ അധികമായി ചെയ്ത പ്രവൃത്തിക്ക് തുക അനുവദിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ചെലവ് | 3-1 | |
| 16 | ഉണഭോക്തൃ സമിതി ആവശ്യത്തിൽ അധികമായി വാങ്ങിയ ടാർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഏൽപ്പിച്ചിട്ടില്ല. | 3-2 | |
| 17 | അധികമായി ചെയ്ത പ്രവൃത്തിക്ക് തുക അനുവദിച്ചതിനാലും മണ്ണ് അമരുമ്പോൾ ഉണ്ടാകുന്ന കുറവിലേക്ക് കുറവ് വരുത്താത്തതിനാലും ഗ്രാമപഞ്ചായത്തിന് നഷ്ടം. | 3-3 | |

| | | | |
|---|---|---|---|
| 18 | കാലാവധി ദീർഘിപ്പിച്ചു നൽകാതെ ചെയ്ത അനധികൃത നിർമ്മാണ പ്രവൃത്തിയുടെ തുക അനുവദിച്ചു. | 3-4 | |
| 19 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ കോൺക്രീറ്റ് പ്രവൃത്തിയുടെ സിമെന്റിന്റെ ബില്ലുകൾ അസാധു. | 3-5 | |
| 20 | അസി. എഞ്ചിനിയറുടെ ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-6 | |
| 21 | തുല്യത പഠനം - ചെലവിന്റെ അടിസ്ഥാനം വ്യക്തമല്ല. | 3-7 | |
| 22 | അങ്കണവാടിയിലെ പോഷകാഹാര വിതരണ പദ്ധതികൾ -കേന്ദ്ര വിഹിതം ലഭ്യമായതിൽ കുറവ്. | 3-8 | |
| 23 | ജലനിധിവിഹിതം നല്കി -പദ്ധതികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു | 3-9 | |
| 24 | ഫർണ്ണീച്ചർ ,കമ്പ്യൂട്ടർ എന്നിവ സ്റ്റോക്ക് യഥാവിധി സൂക്ഷിച്ചിട്ടില്ല. | 3-10 | |
| 25 | സമ്പൂർണ്ണ ഭവന പദ്ധതി- വീടുകൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച് | 3-11 | |
| | ഭാഗം 4 | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 31 | ഓഡിറ്റ് റിക്കവറി | 4-6 | |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം. | 4-8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015ലെ 27/15-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 231522866 രൂപയും ചെലവ് 234351889രൂപയും യഥാർത്ഥ വരവ് 70955922 രൂപയും, ചെലവ് 60463291 രൂപയുമാണ് .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.15 | 30.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വാർഷിക കണക്കുകളിൽ സൂചിപ്പിച്ച 10 അക്കൗണ്ടുകളുടെയും റീ കൺസിലിയേഷൻ നടത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് നം | എ.സി.ആർ/ബാങ്ക് ബുക്ക് (രൂപ ) | ബാങ്ക് സ്റ്റേറ്റ്മെന്റ് (രൂപ ) |
|---|---|---|
| 7029 ( SMGB ) | 3128717 | 3423276 |
| 3576 ( VSCB ) - Ownfund | 3541617 | 3724056 |
| 6090 (SMGB) - NREGA | 2261 | 2461 |
| 6349 (SMGB) - | 759968 | 784864 |
| 6499 ( SMGB) | 90330 | 93979 |
| 4175 (SMGB) | 735 | 765 |
| 4750 (VSCB) | 4860 | 5506 |
| 7472 (VSCB) | 536 | 26915 |
| 6144 (SMGB) | 1408334 | 1459412 |
| TSB A/C (Treasury) | 2132319 | 2183853 |

2. മെയിന്റനൻസ് ഗ്രാന്റ് (റോഡ് + റോഡിതരം) എ.എഫ്.എസ് പ്രകാരം 5429398/- രൂപയും, എ.സി . ആർ പ്രകാരം 5257707/- രൂപയുമാണ് .

3 . സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്കായി പ്രസിഡണ്ടിന്റെയും, വി . ഇ . ഒ യുടെയും പേരിൽ വൈത്തിരി സർവീസ് സഹകരണ ബാങ്കിലുള്ള 7473 -ാം നമ്പർ അക്കൗണ്ടിൽ 31.03.2016 ൽ 36,68,171/- രൂപയുണ്ട്. ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല . മാത്രമല്ല യഥാർത്ഥ ലോൺ അക്കൌണ്ടിൽ (നം.7472,7473) ൽ 2 കോടി വരവുള്ളപ്പോൾ RP -32 ൽ 1.5 കോടിയാണ് വരവായി രേഖപ്പെടുത്തിയിരിക്കുന്നത് .

4. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

5. തൊഴിൽ നികുതിയിനത്തിൽ രജിസ്റ്റർ പ്രകാരമുള്ള വരവും, എ .എഫ് .എസ് പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല . വിശദാംശങ്ങൾ താഴെകൊടുക്കുന്നു .

| തൊഴിൽ നികുതി | രജിസ്റ്റർ | എ .എഫ് .എസ് |
|---|---|---|
| ജീവനക്കാർ | 67190 | 659420 (RP-1 ) |
| ട്രേഡേഴ്സ് | 109390 | 106190(RP -43 ) |

6 . ബി ഫണ്ട് എ.സി.ആർ തയ്യാറാക്കിയിട്ടില്ല .

7 ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം എഴുതി പൂർത്തീകരിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല .

8 ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ജലനിധി അക്കൗണ്ടിൽ (320300102) ബാലൻസ് തുക 1577132/- രൂപയും, ബി - 17 ഷെഡ്യൂളിൽ ടി അക്കൗണ്ടിൽ (450610101) 2277132/- രൂപയുമാണ് .

9.ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ/രേഖകളിൽ പലതും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയില്ല .

10.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

11.സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

12 .ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

13 . വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

14 .സാംഖ്യ അക്കൌണ്ടിൽ ഉൾപ്പെടാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടുകളിൽ ചിലതിൽ തുക നീക്കിയിരിപ്പുണ്ട് ആയത് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

15. വാർഷിക കണക്കിനോടൊപ്പം അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35268767 |
| വരവ് | 65983476 |

| | |
|---|---|
| ആകെ | 101252243 |
| ചെലവ് | 87905434 |
| നീക്കിയിരിപ്പ് | 13346809 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3067193 | 10713526 | 13780719 | 11563653 | 0 | -12304287 | 100% |
| വികസനഫണ്ട് എസ്.സി.പി. | 1623277 | 21100001 | 3733277 | 2361354 | 0 | 1623277 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 4956920 | 9546620 | 14503540 | 7732401 | 0 | 4716641 | 100% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 547210 | 4217000 | 4764210 | 3711076 | 0 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1431896 | 3237000 | 4668896 | 3525737 | 0 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3871121 | 6720441 | 10591562 | 6236506 | 0 | 2983416 | 100% |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 3009707 | 0 | 3009707 | 2614118 | 0 | 2980953 | 100% |
| എം. എൻ. ആർ.ജി. എസ് | 48563 | 33747082 | 33795645 | 33793384 | 2261 | 0 | 99.99% |
| ജനറൽ പർപസ് ഗ്രാന്റ് | 2598533 | 5306367 | 7904900 | 5772581 | 2132319 | 0 | 73% |
| ബി ഫണ്ട് | 0 | 16414043 | 16414043 | 16414043 | 0 | 0 | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 269 | 100017251 | 192 | 43449845 | 7 | 70 | 71.37 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 129442/- രൂപ (-3.8%) കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2956174 | 2680210 | (-)275964 | (-)10.3 |
| നികുതിയേതര വരവുകൾ | 562878 | 709400 | (+)146522 | (+)20.7 |
| മറ്റുവരവുകൾ | -- | -- | -- | |

| | | | | |
|---|---|---|---|---|
| ആകെ | 3519052 | 3389610 | (-)129442 | (-)3.8% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 75 | 63600 |
| കർഷകതൊഴിലാളി പെൻഷൻ | 204 | 1754760 |
| വിധവാ പെൻഷൻ | 791 | 5347320 |
| വാർദ്ധക്യകാല പെൻഷൻ | 876 | 7328000 |
| വികലാംഗ പെൻഷൻ | 163 | 1827360 |
| അവിവാഹിത പെൻഷൻ | 11 | 73840 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.12.2016 ഉച്ചയ്ക്ക് 3.00 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1183/- രൂപ (ആയിരത്തി ഒരുനൂറ്റി എൺപത്തി മൂന്ന്) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016 നവംബർ 22,23,24 | 2016 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ | 24.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2010 മുതൽ | 2005-06 മുതൽ | 11.01.2011 |

| | | | |
|---|---|---|---|
| | 20.11.2010 വരെ | 2009-10 വരെ | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം പ്രതിവർഷം 50114 രൂപ ഡിമാന്റിൽ കുറവ്

പഞ്ചായത്തിലെ 4-ാം വാർഡിലുള്ള സിദ്ധാർത്ഥ് റിസോർട്ട് & ഫുഡ് പ്രൈവറ്റ് ലിമിറ്റഡ്, അമ്മാറ എന്ന റിസോർട്ടിലെ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു .

1 ) വസ്തുനികുതി ഡിമാന്റിൽ പ്രതിവർഷം 50114/- രൂപ കുറവ്.

റിസോർട്ടിലെ 4/60-4/96 വരെയുള്ള 43 ഡോർ നമ്പറുകളിൽ 12 എണ്ണത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്. വസ്തു നികുതി നിർണ്ണയഫോറം -6 ൽ കെട്ടിടത്തിന് സമീപത്തുള്ള റോഡ് ആനോത്ത് - പാപ്പാല റോഡാണ്. ആസ്തി രജിസ്റ്റർ പ്രകാരം റോഡിന് 5 മീ വീതിയുണ്ട്. അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ നികുതി നിർണ്ണയിച്ചത് 1.5 മീറ്ററിൽ കൂടുതലും 5 മീറ്ററിൽ കുറവ് (അടിസ്ഥാന വസ്തു നികുതിയിൽ കുറവോ വർദ്ധനവോ ഇല്ല) എന്നതിന്റെ അടിസ്ഥാനത്തിലാണ്. കൂടാതെ റിസോർട്ട് സ്ഥിതി ചെയ്യുന്നത് ദ്വിതീയ മേഖലയിലാണെങ്കിലും 4/61 നമ്പർ കെട്ടിടം ത്രിതീയ മേഖലയിലുൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വസ്തു നികുതി നിർണ്ണയഫോറം -6 പ്രകാരം കെട്ടിട നം 67, 68 എന്നിവയുടെ വിസ്തീർണ്ണം 62.9 ച.മീ, 168.38 ച.മീ ആണെങ്കിലും നികുതി നിർണ്ണയിച്ചത് യഥാക്രമം 19 ച.മീ, 62 ച.മീ എന്നതിന്റെ അടിസ്ഥാനത്തിലാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

അടിസ്ഥാന വസ്തു നികുതി നിരക്ക് - 90/ച.മീ (റിസോർട്ട്)

മേഖല - ദ്വിതീയം (അടിസ്ഥാന വസ്തു നികുതിയിൽ 10% കുറവ്)

കെട്ടിടത്തിലേക്കുള്ള വഴിയുടെ തരം - 5 മീ. കൂടുതൽ (അടിസ്ഥാന വസ്തു നികുതിയിൽ 20% കൂടുതൽ)

| കെട്ടിട നം (a) | തറ വിസ്തീർണ്ണം (ച.മീ ) (b) | അടിസ്ഥാന വസ്തുനികുതി (തറ വിസ്തീർണ്ണം* 90 ) (c) | അടിസ്ഥാന വസ്തു നികുതി യിലെ ഇളവ് (c X 10% | അടിസ്ഥാന വസ്തു നികുതി യിലെ വർദ്ധനവ് ( c X 120% - 5 മീ. കൂടുതൽ | യഥാർത്ഥ വാർഷിക വസ്തുനികുതി (f==c-d+e) | നിർണ്ണയിച്ചത് (g) | വ്യത്യാസം ( h=f-g ) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ദ്വിതീയ മേഖല) (d) | വീതിയുള്ള റോഡ് ) (e) | | | |
| 60 | 218.4 | 19656 | 1966 | 3931 | 21621 | 17691 | 3930 |
| 61 | 394 | 35460 | 3546 | 7092 | 39006 | 21276 | 17730 |
| 61A | 57.05 | 5135 | 514 | 1027 | 5648 | 4622 | 1026 |
| 61B | 57.05 | 5135 | 514 | 1027 | 5648 | 4622 | 1026 |
| 61C | 132.38 | 11914 | 1191 | 2383 | 13106 | 10723 | 2383 |
| 61D | 133.95 | 12056 | 1205 | 2410 | 13261 | 10850 | 2411 |
| 61E | 132.38 | 11914 | 1191 | 2383 | 13106 | 10723 | 2383 |
| 61F | 133.95 | 12056 | 1205 | 2410 | 13261 | 10850 | 2411 |
| 62 | 70.25 | 6323 | 632 | 1247 | 6938 | 5641 | 1247 |
| 63 | 70.25 | 6323 | 632 | 1247 | 6938 | 5641 | 1247 |
| 67 | 62.9 | 5661 | 566 | 1132 | 6227 | 1881 | 4346 |
| 68 | 168.38 | 15154 | 1516 | 3032 | 16670 | 6696 | 9974 |
| ആകെ | | | | | | | 50114 |

പ്രതിവർഷം 50114/- രൂപ ഡിമാന്റിൽ കുറവായതിനാൽ 2013-14 മുതൽ 2015-16 വരെ 3X50114 = 150342/- രൂപ വസ്തു നികുതി ഡിമാന്റിൽ കുറവുണ്ടായിട്ടുണ്ടാകുകയും തന്മൂലം പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം ഉണ്ടായിട്ടുമുണ്ട്. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2 ) <u>ആയുർവേദ സ്പായ്ക്ക് വസ്തു നികുതി പുനർ നിർണ്ണയിച്ചില്ല</u>

റിസോർട്ടിൽ 66,67,68 എന്നീ നമ്പറുകളുള്ള കെട്ടിടങ്ങളിൽ ആയുർവേദിക് സ്പാ (ആയുർവേദിക് സെന്റർ - ഓയിൽ മസാജ്) നടത്തുന്നതിന് 7.12.2015 ൽ ശ്രീ പി.വി ഗിരി എന്നവർ സമർപ്പിച്ച അപേക്ഷയിൽ 8.1.2016 മുതൽ ടി സ്ഥാപനം നടത്തുന്നതിന് ലൈസൻസ് (നമ്പർ 8480/2015-16/8.1.2016) നൽകിയിട്ടുണ്ട്. 2011-ലെ കേ.പ.ര (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഉപയോഗക്രമത്തിൽ കെട്ടിട ഉടമ വരുത്തുന്ന മാറ്റങ്ങൾ 30 ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കുകയും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ് . മേൽ ചട്ടങ്ങളിലെ ചട്ടം 17(4) പ്രകാരം കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരുന്നാൽ സെക്രട്ടറി 12-ാം ചട്ടപ്രകാരമുള്ള നടപടിക്രമം പാലിച്ചുകൊണ്ട് കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ് . എന്നാൽ കെട്ടിട ഉടമ

ഒക്യുപെൻസി മാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ സെക്രട്ടറി ചട്ടം17(4) പ്രകാരം വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്തതു കൊണ്ട് പഞ്ചായത്തിന് 2015-16 രണ്ടാം അർദ്ധവർഷം വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

അടിസ്ഥാന വസ്തു നികുതി നിരക്ക് - 160/ച.മീ (ആയുർവേദ സുഖ ചികിത്സാ കേന്ദ്രം)

മേഖല - ദ്വിതീയം (അടിസ്ഥാന വസ്തു നികുതിയിൽ 10% കുറവ് )

കെട്ടിടത്തിലേക്കുള്ള വഴിയുടെ തരം - 5 മീ. കൂടുതൽ (വസ്തു നികുതി നിർണ്ണയഫോറം -6 ൽ കെട്ടിടത്തിന് സമീപത്തുള്ള റോഡ് ആനോത്ത് - പാപ്പാല റോഡാണ് . ആസ്തി രജിസ്റ്റർ പ്രകാരം റോഡിന് 5 മീ വീതിയുണ്ട് . അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് ) .

| കെട്ടിടനം (a) | തറ വിസ്തീർണ്ണം (ച.മീ ) (b) | അടിസ്ഥാന വസ്തുനികുതി (തറ വിസ്തീർണ്ണം *90) (c) | അടിസ്ഥാന വസ്തു നികുതി യിലെ ഇളവ് ( c X 10% ദ്വിതീയ മേഖല) (d) | അടിസ്ഥാന വസ്തു നികുതി യിലെ വർദ്ധനവ് ( c X 120% - 5 മീ. കൂടുതൽ വീതിയുള്ള റോഡ് ) (e) | യഥാർത്ഥ വാർഷിക വസ്തുനികുതി (f==c-d+e) | നിർണ്ണയിച്ചത് (g) | വ്യത്യാസം ( h=f-g ) |
|---|---|---|---|---|---|---|---|
| 66 | 169.12 | 27059 | 2706 | 5412 | 29765 | 13699 | 16066 |
| 67 | 62.9 | 10064 | 1006 | 2012 | 11070 | 1881 | 9189 |
| 68 | 168.38 | 26941 | 2694 | 5388 | 29635 | 6696 | 22939 |
| ആകെ | | | | | | | 48194 |

2015-16 രണ്ടാം അർദ്ധവർഷം 24097/- രൂപ (48194/2=24097) വസ്തുനികുതിയിനത്തിൽ കുറവുണ്ട് .

67,68 എന്നീ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം 62.9 ച.മീ, 168.38 ച.മീ ആണെങ്കിലും നികുതി നിർണ്ണയിച്ചത് യഥാക്രമം 19 ച.മീ, 62 ച.മീ എന്ന ക്രമത്തിലാണ് . മേൽ കെട്ടിടങ്ങളുടെ (നം.66,67,68) പ്ലാനുകൾ ഓഡിറ്റിന് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല . എന്നാൽ സിദ്ധാർത്ഥ് റിസോർട്ട് & ഫുഡ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഭാഗമായി സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിന് 16.09.2011 ൽ എ3-13469/11 -ാം നമ്പർ പെർമിറ്റ് നൽകിയിട്ടുണ്ട് . ആയതിന്റെ സൈറ്റ് പ്ലാനിൽ സ്പാ കെട്ടിടങ്ങളും അതിനടുത്തായി

ഒരു സ്വിമ്മിംഗ് പൂളും നിലവിലുള്ളതായി കാണിച്ചിട്ടുണ്ട്. 2011-ലെ കേ.പ.ര (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം നികുതി നിർണ്ണയിക്കുന്നതിലേക്കായി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല .
മേൽ അപാകതകൾക്ക് എക്സിറ്റ് മീറ്റിംഗിൽ നൽകിയ മറുപടിയിൽ മേൽ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി മറുപടി ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട് .

2015-16 രണ്ടാം അർദ്ധവർഷത്തിൽ വസ്തുനികുതിയിനത്തിൽ കുറവ് വന്ന 24097/- രൂപ (48194/2=24097) ഈടാക്കുകയും, മുൻ വർഷങ്ങളിൽ സ്ഥാപനം പ്രവർത്തിച്ചിരുന്നെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-2 തൊഴിൽ നികുതി - അപാകതകൾ

പഞ്ചായത്തിന്റെ 2015 -16 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു .

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ താഴെ പറയുന്ന തരത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.

| ക്രമ നം | തപാൽ നം | പേര്, സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തുക, | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | B5-6553<br>11.09.2016 | സന്ദീപ് എസ്<br>(KGB പൊഴുതന)<br>(ക്രമ നം 4) | 106950 | 750/<br>115-006<br>11.9.15 | 1000 | 250 |
| 2 | B5-6553<br>11.09.2016 | ജിതേഷ് ചന്ദ്രൻ എസ്<br>(KGB പൊഴുതന)<br>(ക്രമ നം 5) | 106950 | 750/<br>115-006<br>11.9.15 | 1000 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 3 | B3 1593/16 29.2.16 | സജീഷ് കുമാർ (വിന്റ് ഫ്ലവർ ക്രമ നം 4) | 46980 | 300/- 11501-1795 29.2.16 | 450 | 150 |
| 4 | B3 1593/16 29.2.16 | സ്റ്റീഫൻ രാജ് (വിന്റ് ഫ്ലവർ ക്രമ നം 19) | 49894 | 300/- 11501-1795 29.2.16 | 450 | 150 |
| 5 | B3 1593/16 29.2.16 | യോഗണ്ണ എച്ച് ആർ(വിന്റ് ഫ്ലവർ ക്രമ നം 20 ) | 49422 | 300/- 11501-1795 29.2.16 | 450 | 150 |
| 6 | B3 1593/16 29.2.16 | ലതീഷ് ഇ എം (വിന്റ് ഫ്ലവർ ക്രമ നം 21) | 49375 | 300/- 11501-1795 29.2.16 | 450 | 150 |
| 7 | B3 1593/16 29.2.16 | സുന്ദരി (വിന്റ് ഫ്ലവർ ക്രമ നം 22) | 49440 | 300/- 11501-1795 29.2.16 | 450 | 150 |
| 8 | B3 1593/16 29.2.16 | സുനിൽകുമാർ പി.കെ (വിന്റ് ഫ്ലവർ ക്രമ നം 31) | 47000 | 300/- 11501-1795 29.2.16 | 450 | 150 |
| 9 | B3 1593/16 | ധന്യ നാഗരാജു (വിന്റ് ഫ്ലവർ | 46680 | 300/- 11501-1795 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | 29.2.16 | ക്രമ നം 41) | | 29.2.16 | | |
| 10 | B3 1593/16 29.2.16 | ശരത്ത് കെ ജി(വിന്റ് ഫ്ലവർ ക്രമ നം 54) | 45000 | 300/- 11501-1795 29.2.16 | 450 | 150 |
| 11 | B3 1593/16 29.2.16 | ശ്രിങ്കാത ബല്ല (വിന്റ് ഫ്ലവർ ക്രമ നം 60) | 48000 | 300/- 11501-1795 29.2.16 | 450 | 150 |
| | ആകെ | | | | | 1850 |

2) തൻ വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ താഴെ കൊടുക്കുന്ന സ്ഥാപങ്ങളിൽ നിന്നും സ്ഥാപന നികുതി, ജീവനക്കാരുടെ നികുതി എന്നിവ ഈടാക്കിയതിന്റെ വിശദാംങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടയ്ക്കാനുള്ള അർദ്ധവർഷം |
|---|---|
| മിൽക്ക് സൊസൈറ്റി, പൊഴുതന | 2015-16 ലെ 2 -ാം അർദ്ധ വർഷത്തെ സ്ഥാപന നികുതി |
| വൈത്തിരി സർവീസ് സഹകരണ ബാങ്ക് | 2015-16 ലെ 1, 2 -ാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷത്തേയും തൊഴിൽ നികുതി റിട്ടേൺ ഹാജരാക്കേണ്ടതാണ്) |

ഖണ്ഡികയിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ സ്ഥാപന നികുതിയും, ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാറുകാരൻ / കൺവീനർ അധികമായി ചെയ്ത പ്രവൃത്തിക്ക് തുക അനുവദിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ചെലവ്.

തൻ വർഷം നടപ്പിലാക്കിയ താഴെ പറയുന്ന റോഡ്/നടപ്പാത കോൺക്രീറ്റ് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉള്ളതിലും അധികവീതിയിൽ കോൺക്രീറ്റ് ചെയ്തത് അംഗീകരിച്ച് തുക അനുവദിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

I)

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0266/16 |
| പ്രോജക്ടിന്റെ പേര് | പറോളികുന്ന് റോഡ് കോൺക്രീറ്റ് |
| അടങ്കൽ | 200000/- രൂപ, (ലോക ബാങ്ക് ധനസഹായം) |
| ചെലവ് | 199800/- രൂപ (വൌച്ചർ നം. 81/15-16/04.03.2016, ചെക്ക് നം. 15348/04.03.2016) |
| സാങ്കേതിക അനുമതി നമ്പർ | 75/15-16, 30.07.2015 |
| അളവ് പുസ്തകം | 58/15-16 (പേജുകൾ 01-07) |
| കരാറുകാരൻ | ശ്രീ. ഷൌക്കത്തലി പി. |
| കരാർ നമ്പർ | 80/2015-16 , 30.09.2015 |
| പ്രവൃത്തി മൂല്യം | 204898/- |

എസ്റ്റിമേറ്റ് പ്രകാരം 3 മീറ്റർ വീതിയിലും 58 മീറ്റർ നീളത്തിലുമാണ് കോൺക്രീറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 2.90 മുതൽ 3.40 മീറ്റർ വീതിയിലും 53.40മീറ്റർ നീളത്തിലുമാണ് റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. റോഡ് പ്രവൃത്തിയിലെ വ്യതിയാനത്തിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. ആയതിന് ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയതായും കാണുന്നില്ല.

അധികവീതിയിൽ കോൺക്രീറ്റ് ചെയ്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കോൺക്രീറ്റ് ചെയ്തതിന്റെ നീളം( മീറ്ററിൽ) | സിമന്റ് കോൺക്രീറ്റ് അധികവീതിയിൽ ചെയ്തതിന്റെ അളവ് ( മീറ്ററിൽ) |
|---|---|---|
| 1 | 15 | 2.9 |
| 2 | 15 | (2.9 + 3.4)/2 |
| 3 | 15 | ( 3.4 + 3.3)/2 |
| 4 | 8.4 | ( 3.3 + 3.10)/2 |
| ആകെ | 53.40 | |

അധിക വീതിയിൽ കോൺക്രീറ്റ് ചെയ്തത് അംഗീകരിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| എസ്റ്റി മേറ്റിലെ ഇനം നമ്പർ | പ്രവൃത്തി ഇനം / നിരക്ക് | അംഗീകരിക്കാവുന്ന ചെയ്ത പ്രവൃത്തിയുടെ അളവ് | അംഗീകരിക്കാവുന്ന തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഉപരിതലം നിരപ്പാക്കൽ, 1672.92/100ച.മീ. | 53.40 X 3 =160.2ച.മീ. | 160.2 X 1672.92/100 =2680 |
| 2 | 1:4:8 സിമന്റ് കോൺക്രീറ്റ്, 5776.01/ഘ.മീ. | 53.40 X 3 X .10 =16.02ഘ.മീ. | 16.02 X 5776.01 = 92531.68 |
| 3 | 1:2:4 സിമന്റ് കോൺക്രീറ്റ് , 7340.69/ഘ.മീ. | 53.40 X 3 X .075 =12.015ഘ.മീ. | 12.015 X 7340.69 = 88198.39 |
| | | ആകെ | 183410/- |

| | |
|---|---|
| അംഗീകരിക്കാവുന്ന പ്രവൃത്തി മൂല്യം | 183410/-രൂപ |
| കുറയ്ക്കുക<br>ടെണ്ടർ കുറവ് 0.1% | 183410 - 183 = 183227 |
| അംഗീകരിക്കാവുന്ന ചെലവ് | 183227 |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം | 199800 - 183227 = 16573/-രൂപ |

II)

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0010/16 |
| പ്രോജക്ടിന്റെ പേര് | പുത്തൻവീട്കുന്ന് നടപ്പാത കോൺക്രീറ്റ് |
| അടങ്കൽ | 150000/- രൂപ (വികസന ഫണ്ട്) |
| ചെലവ് | 150000/- രൂപ (വൌച്ചർ നം. 75/15-16/29.02.2016, ചെക്ക് നം. 15342/29.02.06) |
| സാങ്കേതിക അനുമതി നമ്പർ | 68/15-16, 30.07.2015 |
| അളവ് പുസ്തകം | 77/15-16 (പേജുകൾ 01-06) |
| കൺവീനർ | ശ്രീ. ഹാഷിം ചിറ്റേങ്ങാട് |
| കരാർ നമ്പർ | 16/2015-16, 07.08.2015 |
| പ്രവൃത്തി മൂല്യം | 143875/- |

എസ്റ്റിമേറ്റ് പ്രകാരം 3 മീറ്റർ വീതിയിലും 47 മീറ്റർ നീളത്തിലുമാണ് കോൺക്രീറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 3 മുതൽ 4 മീറ്റർ വീതിയിലും 43.8മീറ്റർ നീളത്തിലുമാണ് റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. റോഡ് പ്രവൃത്തിയിലെ വ്യതിയാനത്തിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. ആയതിന് ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയതായും കാണുന്നില്ല. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്കിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല.

അധികവീതിയിൽ കോൺക്രീറ്റ് ചെയ്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | കോൺക്രീറ്റ് ചെയ്തതിന്റെ നീളം( | സിമന്റ് കോൺക്രീറ്റ് അധികവീതിയിൽ ചെയ്തതിന്റെ |
|---|---|---|

| | | |
|---|---|---|
| നമ്പർ | മീറ്ററിൽ) | അളവ് ( മീറ്ററിൽ) |
| 1 | 5 | (3.05 + 4)/2 |
| 2 | 18.10 | (4 + 3.10)/2 |
| 3 | 13.20 | (3.10 + 3)/2 |
| 4 | 7.5 | 3 |
| ആകെ | 43.8 | |

അധിക വീതിയിൽ കോൺക്രീറ്റ് ചെയ്തത് അംഗീകരിച്ചതുമൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| എസ്റ്റി മേറ്റിലെ ഇനം നമ്പർ | പ്രവൃത്തി ഇനം / നിരക്ക് | അംഗീകരിക്കാവുന്ന ചെയ്ത പ്രവൃത്തിയുടെ അളവ് | അംഗീകരിക്കാവുന്ന തുക |
|---|---|---|---|
| 1 | ഉപരിതലം നിരപ്പാക്കൽ, 1454.71 /100ച.മീ. | 43.8 X 3 =131.4ച.മീ. | 131.4 X 1454.71/100 =1911.49 |
| 2 | 1:4:8 സിമന്റ് കോൺക്രീറ്റ്, 5022.62 / ഘ.മീ. | 43.8 X 3 X .10 =13.14ഘ.മീ. | 13.14 X 5022.62 = 65997.23 |
| 3 | 1:2:4 സിമന്റ് കോൺക്രീറ്റ് , 6383.21 / ഘ.മീ. | 43.8 X 3 X .075 =9.855ഘ.മീ. | 9.855 X 6383.21 = 62906.53 |
| | | ആകെ | 130815/- |

| | |
|---|---|
| അംഗീകരിക്കാവുന്ന പ്രവൃത്തി മൂല്യം | 130815/-രൂപ |
| കൂട്ടുക<br>വാറ്റ് 5% =6541<br>തൊഴിലാളി ക്ഷേമനിധി 1% =1308<br>അകെ =7849 | 130815 + 7849 = 138664 |
| അംഗീകരിക്കാവുന്ന ചെലവ് | 138664/-രൂപ |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം | 150000 - 138664 = 11336/-രൂപ |

III)

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0027/16 |
| പ്രോജക്ടിന്റെ പേര് | പുളിക്കൽകുന്ന് നടപ്പാത കോൺക്രീറ്റ് |
| അടങ്കൽ | 300000/- രൂപ, (സംരക്ഷണ ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | 300000/- രൂപ (വൌച്ചർ നം.69/15-16, 24.02.2016 , ചെക്ക് നം. 5335/24.02.2016) |
| സാങ്കേതിക അനുമതി നമ്പർ | 63/15-16, 03.07.2015 |
| അളവ് പുസ്തകം | 47/15-16 (പേജുകൾ 01-04) |
| കൺവീനർ | ശ്രീ. അൻവർ സാദത്ത് ഒ. |
| കരാർ നമ്പർ | 59/2015-16 , 14.09.2015 |
| പ്രവൃത്തി മൂല്യം | 292223 |

എസ്റ്റിമേറ്റ് പ്രകാരം 2.5 മീറ്റർ വീതിയിലും 176.5 മീറ്റർ നീളത്തിലുമാണ് കോൺക്രീറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 2.9 മുതൽ 4 മീറ്റർ വീതിയിലും 150മീറ്റർ നീളത്തിലുമാണ് റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. റോഡ് പ്രവൃത്തിയിലെ വ്യതിയാനത്തിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. ആയതിന് ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയതായും കാണുന്നില്ല. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്കിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല.

അധികവീതിയിൽ കോൺക്രീറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കോൺക്രീറ്റ് ചെയ്തതിന്റെ നീളം( മീറ്ററിൽ) | സിമന്റ് കോൺക്രീറ്റ് അധികവീതിയിൽ ചെയ്തതിന്റെ അളവ് ( മീറ്ററിൽ) |
|---|---|---|
| 1 | 5 | (4 + 3)/2 |
| 2 | 10 | 3 |
| 3 | 75 | (3.10 + 3.30)/2 |
| 4 | 60 | 2.90 |
| ആകെ | 150 | |

അധിക വീതിയിൽ കോൺക്രീറ്റ് ചെയ്തത് അംഗീകരിച്ചതുമൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| എസ്റ്റി മേറ്റിലെ ഇനം നമ്പർ | പ്രവൃത്തി ഇനം / നിരക്ക് | അംഗീകരിക്കാവുന്ന ചെയ്ത പ്രവൃത്തിയുടെ അളവ് | അംഗീകരിക്കാവുന്ന തുക |
|---|---|---|---|
| 1 | 1:2:4 സിമന്റ് കോൺക്രീറ്റ് , 6383.21 / ഘ.മീ. | 150 X 2.5 X .10 =37.5ഘ.മീ. | 37.5 X 6383.21 = 239370.38 |

| | |
|---|---|
| അംഗീകരിക്കാവുന്ന പ്രവൃത്തി മൂല്യം | 239370/-രൂപ |
| കൂട്ടുക<br>വാറ്റ് 5% =11969<br>തൊഴിലാളി ക്ഷേമനിധി 1%=2394 | 239370 + 14363 = 253733 |

| | |
|---|---|
| അകെ =14363 | |
| അംഗീകരിക്കാവുന്ന ചെലവ് | 253733/-രൂപ |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം | 300000 - 253733 = 46267/-രൂപ |

VI)

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0257/16 |
| പ്രോജക്ടിന്റെ പേര് | പട്ടിശ്ശേരി നടപ്പാത കോൺക്രീറ്റ് |
| അടങ്കൽ | 50000/- രൂപ, (വികസന ഫണ്ട്) |
| ചെലവ് | 50000/- രൂപ (വൌച്ചർ നം. 40/15-16, 01.01.2016 ) |
| സാങ്കേതിക അനുമതി നമ്പർ | 49/15-16, 03.07.2015 |
| അളവ് പുസ്തകം | 04/15-16 (പേജുകൾ 01-08) |
| കൺവീനർ | ശ്രീ. ജബ്ബാർ |
| കരാർ നമ്പർ | 09/2015-16 , 03.08.2015 |
| പ്രവൃത്തി മൂല്യം | 50484/- |

എസ്റ്റിമേറ്റ് പ്രകാരം 3 മീറ്റർ വീതിയിലും 14.5 മീറ്റർ നീളത്തിലുമാണ് കോൺക്രീറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 3.5 മീറ്റർ വീതിയിലും 14.50മീറ്റർ നീളത്തിലുമാണ് റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. റോഡ് പ്രവൃത്തിയിലെ വ്യതിയാനത്തിന് കാരണം രേഖപ്പടുത്തിയിട്ടില്ല. ആയതിന് ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയതായും കാണുന്നില്ല. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്കിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല.

അധിക വീതിയിൽ കോൺക്രീറ്റ് ചെയ്തത് അംഗീകരിച്ചതുമൂലം ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| എസ്റ്റി മേറ്റിലെ ഇനം നമ്പർ | പ്രവൃത്തി ഇനം / നിരക്ക് | അംഗീകരിക്കാവുന്ന ചെയ്ത പ്രവൃത്തിയുടെ അളവ് | അംഗീകരിക്കാവുന്ന തുക |
|---|---|---|---|
| 1 | ഉപരിതലം നിരപ്പാക്കൽ, 1454.71 /100ച.മീ. | 14.5 X 3 =43.5ച.മീ. | 43.5 X 1454.71/100 =632.80 |
| 2 | 1:4:8 സിമന്റ് കോൺക്രീറ്റ്, 5022.62 / ഘ.മീ. | 14.5 X 3 X .10 =4.35ഘ.മീ. | 4.35 X 5022.62 = 21848.4 |

| | | | |
|---|---|---|---|
| 3 | 1:2:4 സിമന്റ് കോൺക്രീറ്റ്, 6383.21 / ഘ.മീ. | 14.5 X 3 X .075 =3.263ഘ.മീ. | 3.263 X 6383.21 = 20828.41 |
| | | ആകെ | 43309/- |

| | |
|---|---|
| അംഗീകരിക്കാവുന്ന പ്രവൃത്തി മൂല്യം | 43309/-രൂപ |
| കൂട്ടുക<br>വാറ്റ് 5% =2165<br>തൊഴിലാളി ക്ഷേനിധി 1% =433<br>അകെ =2598 | 43309 + 2598 = 45907 |
| അംഗീകരിക്കാവുന്ന ചെലവ് | 45907/-രൂപ |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം | 50000 - 45907 = 4093/-രൂപ |

എസ്റ്റിമേറ്റിൽ ഉള്ളതിലും അധികവീതിയിൽ കോൺക്രീറ്റ് ചെയ്യതിന് അധിക വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 19 /15-16, തീയ്യതി 05/01/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് ഉണ്ടായ ആകെ നഷ്ടം 78269/-രൂപ ( 16573 + 11336 + 46267 + 4093) ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 ഗുണഭോക്തതൃ സമിതി ആവശ്യത്തിൽ അധികമായി വാങ്ങിയ ടാർ ഗ്രാമപഞ്ചായത്ത് ഓഫീൽ ഏൽപ്പിച്ചിട്ടില്ല.

തൻവർഷം ഗുണഭോക്തതൃ സമിതി മുഖേന നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ആവശ്യത്തിൽ അധികമായി വാങ്ങിയ ടാർ ഗ്രാമപഞ്ചായത്ത് ഓഫീൽ ഏൽപ്പിച്ചിട്ടില്ല.

I)

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0091/16 |
| പ്രോജക്ടിന്റെ പേര് | മരവയൽ കോളനി റോഡ് ടാറിംഗ് |
| അടങ്കൽ | 500000/- രൂപ, (വികസന ഫണ്ട് - ടി.എസ്.പി.) |
| ചെലവ് | 473637/- രൂപ (വൌച്ചർ നം. 143/15-16/31.03.16, ചെക്ക് |

| | |
|---|---|
| | നം. 15161/09.06.2016) |
| സാങ്കേതിക അനുമതി നമ്പർ | 1155/14-15, 16.02.2015 |
| അളവ് പുസ്തകം | 245/15-16 (പേജുകൾ 01-17) |
| കൺവീനർ | ശ്രീമതി. ശാന്തി |
| കരാർ നമ്പർ | 154/2014-15 , 26.03.2015 |
| പ്രവൃത്തി മൂല്യം | 446828/-രൂപ |

അളവ് പുസ്തകം പ്രകാരം 828.70ച.മീ. റോഡ് ടാറിംഗ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിനായി ആകെ 2411.51 കി. ഗ്രാം (828.70 X 29.10കി.ഗ്രു./10ച.മീ.) ടാറാണ് ആവശ്യമായിരുന്നത് (അളവ് പുസ്തകം പേജ് നം. 16). എന്നാൽ ഈ പ്രോജക്ടിന് വേണ്ടി 2588.8 കി. ഗ്രാം ടാറാണ് ഗുണഭോക്തൃ സമിതി സിഡ്കോയിൽ നിന്നും 19.01.2016 ലെ ഇൻവോയ്സ് നമ്പർ 12834 പ്രകാരം വാങ്ങിയിട്ടുള്ളത് (161.8കി. ഗ്രാം വീതമുള്ള 16 ബാരൽ). അധികമായി വാങ്ങിയി 1 ബാരൽ ( 2588.8 - 2411.51 = 177.29, 177.29 /161.8 =1.1 ) ടാർ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല. ഇതിന് പുറമേ പ്രവൃത്തിക്ക് ഉപയോഗിച്ച ടാറിന്റെ കാലി ബാരൽ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിച്ചിട്ടില്ല.

ഗുണഭോക്തൃസമിതി മുഖാന്തിരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഒരു ഫയലിലും കരിങ്കല്ല്, മണൽ, മെറ്റൽ തുടങ്ങിയ സാധനങ്ങൾ വാങ്ങിയതിന്റെ മൂല്യവർദ്ധിത നികുതി ചട്ടങ്ങൾ പ്രകാരമുള്ള ബില്ലില്ല. തുക കൈപ്പറ്റ് രശീതിയാണ് വൌച്ചറായി ഹാജരാക്കിയിട്ടുള്ളത്. ഇതിൽ വാങ്ങിയ സാധനങ്ങളുടെ അളവ് രേഖപ്പടുത്തിയിട്ടില്ലാത്തതിനാൽ (ലോഡ് കണക്കിലാണ് പറഞ്ഞിരിക്കുന്നത്) മേൽ പറഞ്ഞ സാധനങ്ങൾ വാങ്ങിയ അളവിൽ കൂടുതലോ കുറവോ ഉണ്ടോ എന്ന് പരിശോധിച്ച് ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. ഇതിന് പുറമേ നിയമ പ്രകാരമുള്ള ബില്ലില്ലാതെ വാങ്ങൽ നടത്തിയതിനാൽ സർക്കാറിന് മൂല്യവർദ്ധിത നികുതി ഇനത്തിൽ വൻ നഷ്ടത്തിന് ഇടയായിട്ടുമുണ്ട്.

ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകളിലെ പൊതുവായ മറ്റ് അപാകതകൾ താഴെ പറയുന്നു.

1. ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം, എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പടുത്തലുകൾ ഇല്ല.
2. മസ്റ്റർറോളികളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല.

മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്. തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ കൈപ്പറ്റ് രശീതിയില്ല.

3. മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ക്ലോസ് ചെയ്ത ബാങ്ക് പാസ്സ് ബുക്കില്ല. ചെലവുകൾ ചെക്ക് മുഖേനയല്ല നടത്തിയിട്ടുള്ളതും.
4. ചെലവ് വൌച്ചറുകൾക്ക് നമ്പർ നൽകിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ വൌച്ചറുകൾ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.
5. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
6. ദൈനംദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 13/15-16, തീയ്യതി 03/01/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃസമിതി തിരിച്ചേൽപ്പിക്കാത്ത ഒരു ബാരൽ ടാറിന്റെ വിലയായ 5447/- രൂപയും ഉപയോഗിച്ച ടാറിന്റെ 15കാലി ബാരലിന്റെ വിലയായ 3570/- രൂപയും ആയതിന്റെ വാറ്റ് 518/- രൂപയും ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| എ) | തിരിച്ച് ഏൽപ്പിക്കാത്തത് 1 ബാരൽ ടാറിന്റെ വില (16 ബാരൽ ടാറിന്റെ വില 87150രൂപ - സിഡ്കോ ഇൻവോയ്സ് നമ്പർ 12834/19.01.2016 പ്രകാരം) | 5447/-രൂപ |
| ബി) | 15കാലി ബാരലുകളുടെ വില (238/- രൂപ നിരക്കിൽ) | 3570/-രൂപ |
| സി) | 15കാലി ബാരലുകളുടെ വാറ്റ് (14.5% നിരക്കിൽ) | 518/-രൂപ |
| | ആകെ | 9535/- |

## 3-3 അധികമായി ചെയ്ത പ്രവൃത്തിക്ക് തുക അനുവദിച്ചതിനാലും മണ്ണ് അമരുമ്പോൾ ഉണ്ടാകുന്ന കുറവിലേക്ക് കുറവ്

## വരുത്താത്തതിനാലും ഗ്രാമപഞ്ചായത്തിന് നഷ്ടം.

തൻവർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മൂവട്ടി കോളനി റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ടിന്റെ പേര് | മൂവട്ടി കോളനി റോഡ് കോൺക്രീറ്റ് |
| അടങ്കൽ | 1445000/- രൂപ, (പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്) |
| ചെലവ് | 1445000/-രൂപ (വൌച്ചർ നം. 02/15-16/20.04.2015) |
| സാങ്കേതിക അനുമതി നമ്പർ | 937/13-14, 16.01.2015 (പുതിക്കിയത്) |
| അളവ് പുസ്തകം | 124/14-15 (പേജുകൾ 01-13) |
| കൺവീനർ | മണി മൂവട്ടി കോളനി |
| കരാർ നമ്പർ | 112/2014-15 , 03.03.2015 |
| പ്രവൃത്തി മൂല്യം | 13,25,037/- രൂപ |

എസ്റ്റിമേറ്റ് പ്രകാരം 3.10 മീറ്റർ വീതിയിലും 320 മീറ്റർ നീളത്തിലുമാണ് റോഡ് കോൺക്രീറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 3.10 മുതൽ 4.60 മീറ്റർ വീതിയിലും 302.50മീറ്റർ നീളത്തിലുമാണ് റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. റോഡ് പ്രവൃത്തിയിലെ വ്യതിയാനത്തിന് കാരണം രേഖപ്പടുത്തിയിട്ടില്ല. ആയതിന് ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയതായും കാണുന്നില്ല. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്കിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല.

അധികവീതിയിൽ കോൺക്രീറ്റ് ചെയ്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കോൺക്രീറ്റ് ചെയ്തതിന്റെ നീളം( മീറ്ററിൽ) | സിമന്റ് കോൺക്രീറ്റ് അധികവീതിയിൽ ചെയ്തതിന്റെ അളവ് ( മീറ്ററിൽ) |
|---|---|---|
| 1 | 9 | (4.40 + 3.15)/2 |
| 2 | 20 | ( 3.15 + 4.60 )/2 |
| 3 | 17 | ( 3.60 + 4.00 )/2 |
| 4 | 116 | ( 3.10 + 3.30 )/2 |
| 5 | 116 | (3.30 + 3.10 )/2 |
| 6 | 24.50 | ( 3.10 + 3.40 )/2 |
| ആകെ | 302.50 | |

മേൽ പറഞ്ഞതിന് പുറമേ എസ്റ്റിമേറ്റിലെ 1-ാം ഇനമായി 320 മീറ്റർ നീളത്തിലും 3.10 മീറ്റർ വീതിയിലും 0.30 മീറ്റർ ഘനത്തിലും 5കി.മീ. അകലത്തിൽ നിന്നും ലോറിയിൽ മണ്ണ് കൊണ്ട് വന്ന് നിറയ്ക്കൽ എന്ന ഇനം ഉൾപ്പെടുത്തിയിട്ടുണ്ട് (ഇതിന്റെ ഡാറ്റയിൽ കൺസോളിഡേഷനുള്ള നിരക്ക് ഉൾപ്പെടുത്തിയിട്ടില്ല). പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ പേജ് നമ്പർ 1,2 എന്നിവയിൽ ഇപ്രകാരം 296.43 ഘ.മീ മണ്ണ് നിറച്ചതായി രേഖപ്പടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും മണ്ണ് അമരുമ്പോൾ ഉണ്ടാകുന്ന കുറവിലേക്ക് കുറവ് വരുത്തിയിട്ടില്ല. കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വാല്യം I സെക്ഷൻ 4.5(B)(V)(I) പ്രകാരം (കൺസോളിഡേഷൻ ഇല്ലാത്തതിനാൽ) മണ്ണ് അമരുമ്പോഴുണ്ടാകുന്ന കുറവിലേക്ക് 20% കുറവ് ചെയ്യേണ്ടതാണ്. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്കിലെ കമ്മിറ്റി അംഗീകരിച്ച ചെലവ് കണക്കുകളിൽ മണ്ണ് ലോറിയിൽ കൊണ്ടുവന്നതിന്റെ ചെലവോ മണ്ണ് അമർത്തുന്നതിന് റോളർ ഉപയോഗിച്ചതിന്റെ ചെലവുകളോ ഉൾപ്പെടുന്നില്ല (ഗുണഭോക്തൃ സമിതി കണക്ക് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല). ഈ പ്രവൃത്തി 09.03.2015-ന് അസി. എഞ്ചിനിയർ അളവെടുക്കുകയും 10.03.2015-ന് അസി. എക്സി. എഞ്ചിനിയർ അളവ് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മസ്റ്റർ റോളുകൾ പ്രകാരം 10.03.2015 നാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും. മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ ഒപ്പ് രേഖപ്പടുത്തിയിട്ടില്ല. മേൽ പ്രവൃത്തിയുടെ ഭാഗമായി പ്രസ്തുത റോഡ് മണ്ണിട്ട് ഉയർത്തിയത് തനിക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ് എന്ന് ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ബഹു. പ്രസിഡന്റ് അറിയിക്കുകയുണ്ടായി.

മേൽ പറഞ്ഞതിന് പുറമേ മണൽ, മെറ്റൽ എന്നിവയുടെ മൂല്യവർദ്ധിത നികുതി ചട്ടങ്ങൾ പ്രകാരമുള്ള ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ഇവയുടെ തുക കൈപ്പറ്റ് രശീതികളാണ് വൌച്ചറായി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിൽ തുക കൈപ്പറ്റിയതാരാണെന്നോ അവരുടെ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല. വൌച്ചറുകൾക്ക് നമ്പർ നല്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ സമിതിയുടെ ബാങ്ക് പാസ്ബുക്കും ഹാജരാക്കിയിട്ടില്ല.

അധിക വീതിയിൽ കോൺക്രീറ്റ് ചെയ്തത് അംഗീകരിച്ചതിനാലും മണ്ണ് അമരുമ്പോൾ ഉണ്ടകുന്ന കുറവിലേക്ക് കുറവ് വരുത്താത്തതിനാലും ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| എസ്റ്റിമേറ്റിലെ ഇനം നമ്പർ | പ്രവൃത്തി ഇനം/ നിരക്ക് | അംഗീകരിക്കാവുന്ന ചെയ്ത പ്രവൃത്തിയുടെ അളവ് | അംഗീകരിക്കാവുന്ന തുക |
|---|---|---|---|
| 1 | മണ്ണിട്ട് റോഡ് ഉയർത്തൽ, 3049 | 302.50 X 3.10 X .30 =281.33 | 225 X 3049/10 = 68602.5 |

| | | | |
|---|---|---|---|
| | /10ഘ.മീ. | 281.33 - 56.266 = 225<br>**(281.33 - ന്റെ 20% =56.266 ) | |
| 2 | 1:4:8 സിമന്റ് കോൺക്രീറ്റ്,<br>5081 / ഘ.മീ. | 302.50 X 3.10 X .15 =140.663ഘ.മീ. | 140.663 X 5081 = 714708.70 |
| 3 | 1:2:4 സിമന്റ് കോൺക്രീറ്റ്, 71 /10 dm3. | 302.50 X 3.10 X .05 =46.89ഘ.മീ. | 46.89 X 7100 = 332919 |
| 4 | 120 mm ആർ.സി.സി. പൈപ്പ് സ്ഥാപിക്കൽ, 8720/മീ. | 10മീ. | 87200 |
| 5 | 60mmആർ.സി.സി. പൈപ്പ് സ്ഥാപിക്കൽ, 4360/മീ. | 10മീ. | 43600 |
| | | ആകെ | 1247030 |

**മണ്ണ് അമരുമ്പോൾ ഉണ്ടകുന്ന കുറവിലേക്ക് കുറവ് വരുത്തേണ്ട അളവ്

| | |
|---|---|
| അംഗീകരിക്കാവുന്ന പ്രവൃത്തി മൂല്യം | 1247030/-രൂപ |
| കൂട്ടുക<br>വാറ്റ് 10% =124703<br>തൊഴിലാളി ക്ഷേനിധി 1% =12470<br>അകെ = 137173 | 1247030 + 137173 = 1384203 |

| | |
|---|---|
| അംഗീകരിക്കാവുന്ന ചെലവ് | 1384203/- രൂപ |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം | 1445000 - 1384203 =60797/-രൂപ |

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 14/15-16, തീയ്യതി 03/01/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം 60797/- രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ബാക്കി ചെലവ് തുക 1384203/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഗുണഭോക്തൃ സമിതിയുടെ രേഖകളിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 കാലാവധി ദീർഘിപ്പിച്ചു നൽകാതെ ചെയ്ത അനധികൃത നിർമ്മാണ പ്രവൃത്തിയുടെ തുക അനുവദിച്ചു.

തൻവർഷം നടപ്പിലാക്കിയ അച്ചൂർ 4,5 കോളനി ബൌണ്ടറി റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0048/16 |
| പ്രോജക്ടിന്റെ പേര് | അച്ചൂർ 4,5 കോളനി ബൌണ്ടറി റോഡ് കോൺക്രീറ്റ് |
| അടങ്കൽ | 3 ലക്ഷം രൂപ |
| ചെലവ് | 3 ലക്ഷം രൂപ [വൌച്ചർ നം. 97/15-16, 31.03.2016] |
| സാങ്കേതിക അനുമതി | 123/14-15 |
| എം. ബുക്ക് നമ്പർ | 90/15-16(പേജ് : 01-07) |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് കുഞ്ഞി |
| കരാറുടമ്പടി നമ്പർ | 66/15-16 , 15.11.2016 |
| പ്രവൃത്തി പൂർത്തികരിക്കേണ്ട തീയ്യതി | 31.12.2014 (പ്രോജക്ട് രൂപികരണ ഫോറം പേജ് നം. 4) |
| പ്രവൃത്തി പൂർത്തികരിച്ച തീയ്യതി | 05.03.16 |
| പി. എ. സി. | 299977/- രൂപ |

കരാർ ഉടമ്പടിയിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഉടമ്പടിയിലെ 2 വ്യവസ്ഥ അനുസരിച്ച് പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ടതാണ്. പ്രോജക്ട് രൂപികരണ ഫോറം (പേജ് നം. 4) അനുസരിച്ച് പ്രവൃത്തി പൂർത്തികരണ തീയതി 31.12.2014 ആണ്. എന്നാൽ അളവ് പുസ്തക (പേജ് നം. 3)

പ്രകാരം പ്രവൃത്തിയുടെ അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 05.03.16 - നാണ്. എന്നാൽ പൂർത്തികരണത്തിന് അധിക സമയം അനുവദിക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷയോ അസി. എഞ്ചിനീയറുടെ ശുപാർശയോ ഭരണസമിതിയുടെ തീരുമാനമോ ഫയലിൽ ഇല്ല. പൂർത്തികരണ കാലാവധി ദീർഘിപ്പിച്ച് നൽകി കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112(1) പ്രകാരം പൂർത്തികരണ കാലാവധിക്കുള്ളിൽ കരാറുകാരൻ സമയം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചാൽ മാത്രമേ അധിക സമയം അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. അനുവദിച്ച പൂർത്തികരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. കരാറുകാരനുമായി ചമച്ച കരാറിലെ 7-)o വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തികരണത്തിന് നിശ്ചിത കാലാവധിയുടെ 20% - ത്തിൽ അധിക സമയം പിഴയോടുകൂടിയാണ് അനുവദിക്കേണ്ടത്.

ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം അവസാനിക്കുന്ന തീയ്യതി (31/12/2014 + 10 ദിവസങ്ങൾ) | 10/01/2015 |
| ആദ്യ മൂന്ന് മാസത്തേക്ക് 11/01/2015 മുതൽ 10/04/2015 വരെ (പി.എ.സി. - യുടെ 1%) | 299977 x 1/100 = 2999 |
| അടുത്ത മൂന്ന് മാസത്തേക്ക് 11/04/2015 മുതൽ 10/07/2015 വരെ (പി.എ.സി. - യുടെ 2%) | 299977 x 2/100 = 5999.54 |
| അടുത്ത മൂന്ന് മാസത്തേക്ക് 11/07/2015 മുതൽ 10/10/2015 വരെ (പി.എ.സി. - യുടെ 2%) | 299977 x 2/100 = 5999.54 |
| അടുത്ത മൂന്ന് മാസത്തേക്ക് 11/10/2015 മുതൽ 10/01/2016 വരെ (പി.എ.സി. - യുടെ 2%) | 299977 x 2/100 = 5999.54 |
| 11/01/2016 മുതൽ 05/03/2016 വരെ (പി.എ.സി. - യുടെ 2%) | [(299977 x 2/100)/90] x 52 =3466.40 |
| ആകെ | 24464/- രൂപ |

മേൽ പറഞ്ഞതിന് പുറമേ പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടറിൽ 2 കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. ഇതിൽ ശ്രീ. ടി. ഇസ്മായിൽ എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 5% കുറവും, ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ടെണ്ടർ സമർപ്പിച്ച ശ്രീ. മുഹമ്മദ് കുഞ്ഞി

എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. ഗ്രാമലക്ഷമി മുദ്രാലയം വിതരണം ചെയ്യുന്ന ടെണ്ടർ ഫോറങ്ങളാണ് ഗ്രാമപഞ്ചായത്ത് ടെണ്ടറിന് ഉപയോഗിക്കുന്നത്. എന്നാൽ ശ്രീ. മുഹമ്മദ് കുഞ്ഞി ഗ്രാമലക്ഷമി മുദ്രാലയത്തിൽ നിന്നും വിതരണം ചെയുന്ന ഫോറത്തിലുള്ള ടെണ്ടർ ഫോറത്തിലല്ല ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് (ഒറ്റപേജിലുള്ള ഒരു ടെണ്ടർ ഫോറമാണ് ഉപയോഗിച്ചിരിക്കുന്നത്, ഗ്രാമലക്ഷമി മുദ്രാലയം വിതരണം ചെയ്യുന്ന ടെണ്ടർ ഫോറത്തിന് 6 പേജുകൾ ഉണ്ട്). അസി. എഞ്ചിനീയർ ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുമില്ല.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 15/15-16, തീയ്യതി 03/01/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴപലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം 24464/- രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അനധികൃത നിർമ്മാണത്തിന് തുക അനുവദിച്ചതിനും ടെണ്ടർ നടപടികളിലെ ക്രമക്കേടിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബാക്കി ചെലവ് തുക 275536/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ കോൺക്രീറ്റ് പ്രവൃത്തിയുടെ സിമെന്റിന്റെ ബില്ലുകൾ അസാധു.

തൻവർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ കൊയിലേരികുന്ന് നടപ്പാത കോൺക്രീറ്റ് പ്രവൃത്തിയുടെ ചെലവ് വൌച്ചറുകൾ ഹാജരാക്കിയതിലെ സിമെന്റിന്റെ ബില്ലുകൾ അസാധുവാണ്. ബില്ലിലെ പേരും തീയതിയും തി രുത്തിയ നിലയിലാണ് ഉള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0183/16 |
| പ്രോജക്ടിന്റെ പേര് | കൊയിലേരികുന്ന് നടപ്പാത കോൺക്രീറ്റ് |
| അടങ്കൽ | 460000/- രൂപ, (വികസന ഫണ്ട്) |
| ചെലവ് | 460000/- രൂപ (വൌച്ചർ നം. 51/15-16/14.01.2016) |
| സാങ്കേതിക അനുമതി നമ്പർ | 645/15-16, 30.07.2015 |
| അളവ് പുസ്തകം | 40/15-16 (പേജുകൾ 01-07) |
| കരാറുകാരൻ | ശ്രീ. വിജയൻ കെ. |
| കരാർ നമ്പർ | 38/2015-16 , 01.09.2015 |
| പ്രവൃത്തി മൂല്യം | 476999/- |

മേൽ പ്രവൃത്തിക്ക് ആകെ 400 ചാക്ക് സിമെന്റ് വാങ്ങിയതിന്റെ 3ബില്ലുകളാണ് ഫയലിൽ

ഉള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പറും തീയതിയും | തുക | ചാക്കുകളുടെ എണ്ണം |
|---|---|---|---|
| 1 | 157/07.10.015 | 75231 | 200 |
| 2 | 165/23.10.015 | 36578 | 100 |
| 3 | 185/16.10.015 | 37107 | 100 |
| | | ആകെ | 400 |

ഈ മൂന്ന് ബില്ലുകളിലും മുമ്പ് രേഖപ്പെടുത്തിയിരുന്ന പേര് വൈറ്റ് ഫ്ളൂയിഡ് ഉപയോഗിച്ച് മായിച്ചാണ് കൺവീനറുടെ പേര് (വിജയൻ കൺവീനർ എന്ന്) ചേർത്തിട്ടുള്ളത്. ബില്ലുകളിലെ തീയതി 07.11.2013, 23.11.2013, 16.12.2013 എന്ന് രേഖപ്പെടുത്തിയിരുന്നതാണ് തിരുത്തി യഥാക്രമം മേൽ പറഞ്ഞിട്ടുള്ള തീയതികൾ ചേർത്തിട്ടുള്ളത്.

മേൽ പറഞ്ഞതിന് പുറമേ മണൽ, മെറ്റൽ എന്നിവയുടെ മൂല്യവർദ്ധിത നികുതി ചട്ടങ്ങൾ പ്രകാരമുള്ള ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ഇവയുടെ തുകകൈപ്പറ്റ് രശീതികളാണ് വൌച്ചറായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃ സമിതിയുടെ ബാങ്ക് പാസ്ബുക്കും ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 18/15-16, തീയ്യതി 05/01/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 460000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 അസി. എഞ്ചിനിയറുടെ ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അസി. എഞ്ചിനിയറുടെ പേരിൽ കേരള ഗ്രാമീണ ബാങ്കിന്റെ പൊഴുതന ശാഖയിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിനായി ഒരു അക്കൗണ്ട് ഉണ്ട് (A/C No. 402291006751 - ഈ ബാങ്ക് അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്). ഈ അക്കൗണ്ടിന്റെ 16.12.2016 വരെയുള്ള ബാങ്ക് പാസ്ബുക്കാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ആയത് പ്രകാരം പ്രസ്തുത ബാങ്ക് അക്കൗണ്ടിലെ 31.03.2016 ലെ നീക്കിയിരിപ്പ് 87,34,808/- രൂപയും 16.12.2016 ലെ നീക്കിയിരിപ്പ് 8,56,136/- രൂപയുമാണ്. ക്യാഷ് ബുക്ക് പ്രകാരം 31.03.2016 ലെ നീക്കിയിരിപ്പ് 17,36,194.50 രൂപാണ്. ക്യാഷ് ബുക്കിൽ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല. 09.06.2016 -ന് ശേഷം ക്യാഷ് ബുക്ക് എഴുതിസൂക്ഷിച്ചിട്ടുമില്ല.

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് അനുസരിച്ച് ഡിമാണ്ട്

ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ബാങ്ക് അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് തുകകളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ക്യാഷ് ബുക്ക് കാലികമാക്കാത്തതിനും റിക്കൺസിലിയേഷൻ രേഖപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 തുല്യത പഠനം - ചെലവിന്റെ അടിസ്ഥാനം വ്യക്തമല്ല.

2015-16സാമ്പത്തിക വർഷത്തിൽ തുല്യത പഠനം (പ്രോജകട് നമ്പർ 246/16) എന്ന പ്രോജക്ടിന് 100000/- രൂപ (ട്രഷറി ബിൽ നമ്പർ-03/2015-16 / 14.03.2016 - വികസന ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | തുക |
|---|---|---|
| 1 | ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം(7-ക്ളാസ് തുല്യത പഠനം) | 44000 |
| 2 | 10-ാം ക്ളാസ് തുല്യത പഠനം കോഴ്സ് ഫീസ് | 36000 |
| 3 | 10-ാം ക്ളാസ് തുല്യത പഠനം പരീക്ഷ ഫീസ് | 1000 |
| 4 | സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് | 19000 |
| | ആകെ | 100000 |

ഹോണറേറിയം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിഷയം | നിരക്ക് | ആകെ തുക |
|---|---|---|---|
| 1 | ഗണിതം | 1500/മാസം | 6000 |
| 2 | ഇംഗ്ളീഷ് | 1500/മാസം | 6000 |
| 3 | ഹിന്ദി | 2000/മാസം | 8000 |
| 4 | മലയാളം | 2000/മാസം | 8000 |
| 5 | സയൻസ് | 2000/മാസം | 8000 |
| 6 | സാമൂഹിക വിഷയങ്ങൾ | 2000/മാസം | 8000 |
| | ആകെ | | 44000 |

പദ്ധതി ആസൂത്രണ സബ്സിഡി മാർഗ്ഗരേഖ (ജി.ഒ (എം.എസ്) 362/2013/ തസ്വഭവ, 16.11.2013) അനുബന്ധം 1 ഖണ്ഡിക 6.1(vii) അനുസരിച്ച് വിവിധ ക്ളാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടയ്ക്കേണ്ട ഫീസും തദ്ദേശ സ്വയം ഭരണ സ്ഥാനങ്ങൾക്ക് നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹോണറേറിയം നല്കിയതിന്റെയും സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന്റെയും അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.

ന്യൂനതയ്ക്ക് വിശദീകരണവും ആയത് സാധൂകരിക്കുന്നതിനുള്ള രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 04/15-16, തീയ്യതി 22/12/2016) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക 100000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 അങ്കണവാടിയിലെ പോഷകാഹാര വിതരണ പദ്ധതികൾ -കേന്ദ്ര വിഹിതം ലഭ്യമായതിൽ കുറവ്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2014-15, 2015-16 വർഷങ്ങളിൽ താഴെ പറയുന്ന പ്രകാരം അങ്കണവാടിയിലെ പോഷകാഹാര വിതരണത്തിനായി ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. അങ്കണവാടിയിലെ പോഷകാഹാര വിതരണ പദ്ധതികളിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് ഭക്ഷണം നൽകുന്ന പദ്ധതിക്കൊഴികെ മറ്റെല്ലാ പോഷകാഹാര വിതരണ പദ്ധതികളിലും 50%കേന്ദ്ര വിഹിതമാണെന്നാണ് ഓഡിറ്റിന് നേരിൽ വിശദീകരിച്ചത്. എന്നാൽ പഞ്ചായത്തിൽ തൻവർഷം അങ്കണവാടിയിലെ പോഷകാഹാര വിതരണത്തിനായി ചെലവഴിച്ച തുകയുടെ 50% ലും കുറഞ്ഞ തുകയേ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുള്ളൂ. വിശദവിവരം താഴെകൊടുക്കുന്നു.

അംഗൻവാടി പോഷകാഹാരം 2014-15

| ക്രമനമ്പർ | ട്രഷറി ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 1 | 1/2014-15 24-7-14 | 596206 |
|  | 2/ 2014-15 28-8-14 | 209636 |
| 3 | 3/ 2014-15 22/09/14 | 29283 |
| 4 | 4/ 2014-15 20-10-14 | 364883 |
| 5 | 6/ 2014-15 15-12-114 | 562400 |
| 6 | 7/2014-15 12-2-15 | 585576 |
| 7 | 15/2014-15 23-3-15 | 62016 |
| ആകെ |  | 2410000 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റിന് നല്കിയ കണക്കുകൾ പ്രകാരം മേൽ 2410000 രൂപയിൽ 378096/- രൂപ കൗമാരക്കാരായ പെൺകുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായുള്ള ചെലവും ബാക്കി 2031904/-രൂപ 50% കേന്ദ്ര വിഹിതം ലഭിക്കേണ്ട ചെലവുമാണ്. അതനുസരിച്ച് ലഭിക്കേണ്ട 50% കേന്ദ്ര വിഹിതം= 2031904 * 50%=1015952/-രൂപയാണ്. എന്നാൽ 341438/-രൂപ മാത്രമേ തൻവർഷം ലഭിച്ചിട്ടുള്ളൂ. കുറവ് ( 1015952- 341438=) 674514/-രൂപ. പ്ലാൻ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച മേൽ തുക 674514/- രൂപ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

അംഗൻവാടി പോഷകാഹാരം 2015-16

| ക്രമനമ്പർ | ട്രഷറി ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 1 | 1/2015-16 21-07-15 | 579669 |
| 2 | 4/2015-16 23-09-15 | 431763 |
| 3 | 6/2015-16 22/12/15 | 707246 |
| 4 | 8/2015-16 27-01-16 | 399277 |
| 5 | 09/2015-16 27-01-16 | 78747 |
| 6 | 10/2015-16 23/2/16 | 150314 |
| 7 | 13/ 2015-16 15-3-16 | 311098 |
| 8 | 14/ 2015-16 15-3-16 | 70963 |
| 9 | 15/2015-16 15-3-16 | 57956 |
| | | |
| ആകെ | | 2787033 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റിന് നല്കിയ കണക്കുകൾ പ്രകാരം മേൽ

2787033 രൂപയിൽ 424602/- രൂപ കൗമാരക്കാരായ പെൺകുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായുള്ള ചെലവും ബാക്കി 2362431/-രൂപ 50% കേന്ദ്ര വിഹിതം ലഭിക്കേണ്ട ചെലവുമാണ്. അതനുസരിച്ച് ലഭിക്കേണ്ട 50% കേന്ദ്ര വിഹിതം= 2362431 * 50%=1181216/-രൂപയാണ്. എന്നാൽ 467358/-രൂപ മാത്രമേ തൻവർഷം ലഭിച്ചിട്ടുള്ളു. കുറവ് ( 1181216- 467358=) 713858/-രൂപ. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 06 /2015-16/ 30.12.2016) തൃപ്തികരമായ മറുപടി നൽകാൻ സെക്രട്ടറിക്കോ നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്കോ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച മേൽ തുക 713858/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഈ തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ അനന്തര അന്വേഷണം നടത്തി മുൻവർഷങ്ങളിലെ വിഹിതം ലഭിക്കാനവശേഷിക്കുന്നുവെങ്കിൽ തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ജലനിധിവിഹിതം നല്കി -പദ്ധതികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു

സെക്രട്ടറി 2015-16 വർഷത്തിൽ താഴെപ്പറയുന്ന പ്രകാരം ജലനിധി പദ്ധതിക്ക് വിഹിതം നല്കിയിട്ടുണ്ട്.

ട്രഷറി ബിൽ നം. - 9/15-16/20.1.16 300000/-രൂപ (ജനറൽ.)

ട്രഷറി ബിൽ നം. - 10/15-16/20.1.16 400000/-രൂപ (ടി.എസ്സ്.പി.)

ജലനിധിയിൽ എത്ര പദ്ധതികളുണ്ടെന്നും അവ പൂർത്തീകരിച്ചുവോയെന്നും വ്യക്തമാക്കണമെന്നും പൂർത്തീകരിക്കാത്ത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് അറിയിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 09 /2015-16/ 30.12.2016) സെക്രട്ടറി നൽകിയ മറുപടിയിൽ ആകെ 17 പദ്ധതികളുണ്ടെന്നും അവയിൽ 13 എണ്ണം പൂർത്തീകരിച്ചുവെന്നും(എന്നാൽ കരാർ പുതുക്കി ഗുണഭോക്തൃ ഗ്രൂപ്പിനെ ഏൽപ്പിക്കുക തുടങ്ങിയ മറ്റ് നടപടിക്രമങ്ങൾ അവശേഷിക്കുന്നുവെന്നും), 3 പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും, ഒരു പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും അറിയിച്ചു. പ്രവൃത്തികളും നടപടിക്രമങ്ങളും പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കണം. പദ്ധതി ഇനിയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതിനാൽ തൻവർഷം നൽകിയ 7ലക്ഷം രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-10 ഫർണ്ണീച്ചർ ,കമ്പ്യൂട്ടർ എന്നിവ സ്റ്റോക്ക് യഥാവിധി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ടി .ഇ.ഒ, സെക്രട്ടറി എന്നിവർ നിർവഹണോദ്യോഗസ്ഥരായി ഫർണ്ണീച്ചർ, കമ്പ്യൂട്ടർ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ട്രഷറി ബിൽ നം | തുക | ഇനങ്ങൾ |
|---|---|---|---|
| സെക്രട്ടറി | 31/15-16/30.3.16 | 98561 | 2 കമ്പ്യൂട്ടർ(acer )<br>2 പ്രിന്റർ (canon ) |
| ടി .ഇ.ഒ | 1/15-16/15.2.16 | 150575 | ഫർണ്ണീച്ചർ , ടി .വി - പകൽ വീട്, ഇടിയംവയൽ |
| ടി .ഇ.ഒ | 2/15-16/23.3.16 | 100000 | ടി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 07/15-16 /28.3.16 | 100000 | പി.എച്ച്.സി. -യിലേക്ക് ഓഫീസിലേക്ക് കമ്പ്യൂട്ടർ |
| ഹെഡ്മാസ്റ്റർ | 1)01/15-16 /13.01.16<br>2))04/15-16 /22.03.16 | 487891<br>185744 | വലിയപാറ ഗവ. യൂ.പി. സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ<br>വലിയപാറ ഗവ. യൂ.പി. സ്കൂളിലേക്ക് കമ്പ്യൂട്ടർ |
| | ആകെ | 1122771 | |

എന്നാൽ ഇവയുടെ സ്റ്റോക്ക് തൃപ്തികരമായ വിധം എഴുതി സൂക്ഷിച്ചിട്ടില്ല . സെക്രട്ടറി വാങ്ങിയ സംഗതികളിൽ ഒരു രജിസ്റ്ററിൽ മിസ്സല്ലേനിയസ് ഇനങ്ങൾ ഉൾപ്പെടെ എല്ലായിനങ്ങളും ഇടകലർത്തിയാണ് എഴുതിയത്. അതിനാൽ ഓരോയിനവും എത്രയെണ്ണം ഉണ്ട്, അവ എവിടെയൊക്കെ വിന്യസിച്ചിരിക്കുന്നു എന്നീ വിവരങ്ങൾ ടി രജിസ്റ്ററിൽ നിന്നും മനസ്സിലാകുന്നില്ല. മാത്രമല്ല മറ്റ് നിർവഹണോദ്യഗസ്ഥർ വാങ്ങുന്ന വിവരങ്ങൾ ടി രജിസ്റ്ററിൽ ലഭ്യമല്ല. പഞ്ചായത്തിന്റെ(കൈമാറി കിട്ടിയ സ്ഥാപനങ്ങളിലുൾപ്പെടെ) ഫർണ്ണീച്ചറുകളുടെയും ഉപകരണങ്ങളുടെയും വസ്തുക്കളുടെയും സ്റ്റോക്ക് രജിസ്റ്റർ ഇനം തിരിച്ച് എഴുതി സൂക്ഷിക്കാത്തതിന്റെയും അത്തരത്തിലുള്ള കണക്കിൻ മേൽ പർചേയ്സുകളുടെ വിവരങ്ങൾ ഉൾക്കൊള്ളിക്കാത്തതിന്റെയും കാരണം വ്യക്തമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി (നം. 17 /15-16തീയതി 05.01.2017)

മുഖേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ രജിസ്റ്റർ യഥാവിധം പൂർത്തീകരിച്ച് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക 349136/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സമ്പൂർണ്ണ ഭവന പദ്ധതി- വീടുകൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച്.

പഞ്ചായത്ത് തൻവർഷം വൈത്തിരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 2 കോടി രൂപ വായ്പയെടുക്കുകയും അതുപയോഗിച്ച് 170 ഗുണഭോക്താക്കൾക്കായി 'സമ്പൂർണ്ണ ഭവന പദ്ധതി 2015-16' നടപ്പാക്കുകയുണ്ടായി. ഓഡിറ്റിനായി ഹാജരാക്കിയ രേഖകളിൽ നിന്നും നിരവധി വീടുകൾ പൂർത്തീകരിക്കാത്തതായി കാണുന്നു.

| ക്രമ നം. | വീടിന്റെ നിലവിലെ സ്റ്റേജ് | ഗുണഭോക്താക്കളുടെ എണ്ണം. | ഒരാൾ ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | പൂർത്തീകരിച്ചു | 75 | 150000 |
| 2 | മേൽക്കൂര പൂർത്തീകരിച്ചു | 33 | 135000 |
| 3 | ചുമർ പൂർത്തീകരിച്ചു | 27 | 105000 |
| 4 | തറ പൂർത്തീകരിച്ചു | 21 | 60000 |
| 5 | (മുൻകൂർ കൈപ്പറ്റി) - | 14 | 15000 |
| | ആകെ | 170 | |

മേൽ ലിസ്റ്റിൽ നിന്നും 95 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. മേൽ ക്രമ നം 4,5 എന്നിവയിൽ പരാമർശിക്കുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണം കരാർ കാലയളവിൽ പൂർത്തീകരിക്കാൻ കാര്യമായ നടപടി സ്വീകരിച്ചതായി കാണുന്നില്ല. വീടുകൾ പൂർത്തീകരിക്കാത്ത സംഗതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നും ധനസഹായം കൈപ്പറ്റിയിട്ടും വീട് നിർമ്മാണം പൂർത്തീകരിക്കാത്ത ആളുകളിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 /2015-16/ 3.1.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ മേൽ ക്രമ നം.5 ൽ പരാമർശിക്കുന്ന 14 ഗുണഭോക്താക്കളിൽ ഒരാളുടെ വീട് പണി കഴിഞ്ഞതാണെന്നും, വീട് നിശ്ചിത പരിധിയിലും വലുതായതിനാലാണ് ബാക്കി തുക നൽകാത്തത് എന്നും അറിയിച്ചു. മാത്രമല്ല ഭരണസമിതിയുമായി ആലോചിച്ച് എല്ലാ വീടുകളും പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അനർഹരായ ഗുണഭോക്താക്കളിൽ നിന്നും, വീടുപണി സത്വരമായി പൂർത്തീകരിക്കാത്തവരിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 9000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(2/16) | 0 | 9000 |
| ജില്ലാ പഞ്ചായത്ത് | 15000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി( 2/16) | 0 | 15000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യ ലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| 1 | 20000000 | ഭവന നിർമ്മാണം | 16350000 | 3650000 | ലക്ഷ്യം നേടി |

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | നം. 65332/ഡി.ബി1 /14/തസ്വഭവ 05.11.2014 | 2 കോടി | 0 | 3310000 | 600000 | 16690000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഖണ്ഡിക | തുക | തുക ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2.2 | 1250 | കെ.പി ശ്രീധരൻ |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പൊതുപരാമർശങ്ങൾക്ക് മറുപടി സമർപ്പിച്ചിട്ടുണ്ട് .

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65983476 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 87905434 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 176289 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 172547 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4756368 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1(1) | 150342 | | സി.പി. പ്രദീപൻ , സെക്രട്ടറി |
| 2-1(2) | 24097 | | സി.പി. പ്രദീപൻ , സെക്രട്ടറി |
| 2-2 | 1850 | | സി.പി. പ്രദീപൻ , സെക്രട്ടറി |
| 3-1 | | 78269 | ശ്രീ. അബ്ദുൾ നാസർ, അസി. എഞ്ചിനിയർ |
| 3-2 എ. | | 5447 | ശ്രീ. അബ്ദുൾ നാസർ, അസി. എഞ്ചിനിയർ |
| 3-2 ബി. | | 3570 | ശ്രീ. അബ്ദുൾ നാസർ, അസി. എഞ്ചിനിയർ |
| 3-3 | | 60797 | ശ്രീ. അബ്ദുൾ നാസർ, അസി. എഞ്ചിനിയർ |
| 3-4 | | 24464 | ശ്രീ. അബ്ദുൾ നാസർ, അസി. എഞ്ചിനിയർ |
| ആകെ | 176289 | 172547 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1384203 | ശ്രീ. അബ്ദുൾ നാസർ, അസി. എഞ്ചിനിയർ |
| 3-4 | 275536 | ശ്രീ. അബ്ദുൾ നാസർ, അസി. എഞ്ചിനിയർ |
| 3-5 | 460000 | ശ്രീ. അബ്ദുൾ നാസർ, അസി. എഞ്ചിനിയർ |
| 3-7 | 100000 | ശ്രീമതി അജിത |
| 3-8 | 713858 | ശ്രീമതി ഫിലോമിന |
| 3-9 | 700000 | ശ്രീ. സി.പി. പ്രദീപൻ , സെക്രട്ടറി |
| 3-10 | 1122771 | ശ്രീ. സി.പി. പ്രദീപൻ , സെക്രട്ടറി |
| ആകെ | 4756368 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക നം. 3-2 രൂപ 518

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലസം |
|---|---|---|
| സി.പി. പ്രദീപൻ , സെക്രട്ടറി | സെക്രട്ടറി, പൊഴുതന ഗ്രാമപഞ്ചായത്ത് | ചെമ്പ്ലോട്ടവിട വീട്, ചെണ്ടയാട് പി.ഒ., തലശ്ശേരി വഴി, പാനൂർ കണ്ണൂർ ജില്ല |
| ശ്രീ.അബ്ദുൾ നാസർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി ഡിവിഷൻ, പൊഴുതന ഗ്രാമപഞ്ചായത്ത് | നെസ്റ്റ് പിണങ്ങോട് പി.ഒ പിണങ്ങോട്, വയനാട് |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1999-00 | LF(W)P1-58/10,dt.11.1.10 | |

| | | |
|---|---|---|
| 2000-01 | LF(W)P1-58/10,dt.11.1.10 | |
| 2001-02(പ്ലാൻ) | LF(W)P1-58/10,dt.11.1.10 | |
| 2001-02 | LF(W)P1-442/05. dt. 26.2.08 | |
| 2002-03 | LF(W)P1-58/10,dt.11.1.10 | |
| 2003-04 | LF(W)P1-58/10,dt.11.1.10 | |
| 2004-05 | LF(W)P1-58/10,dt.11.1.10 | |
| 2005-06 | LF(W)P1-58/10,dt.11.1.10 | |
| 2006-07 | LF(W) P1-570/10 dt.8.3.11 | |
| 2007-08 | Lf(W) P1-581/10dt. 8.3.11 | |
| 2008-09 | LF(W)P1-587/11 dt.11.2.11 | |
| 2009-10 | LF(W)P1-16/12 dt. 8.5.2012. | |
| 2010-11 | LF(W) P1-904/12 Dt.17.1.13 | |
| 2011-12 | LF(F)P1-763/13 dt. 18.12.14 | |
| 2012-13 | LF(F)P1/101/15 dt. 30.6.15 | |

| | | |
|---|---|---|
| 2013-14 | LF(F)P1/ 122/16 dt. 30.03.2016 | |
| 2014-15 | KSAWYDP1-471/16/DT : 25.7.2016 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# Annexure

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-16/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

തിയ്യതി :16/01/2017

Phone- 04936 203672

Email- dowyd.ksad@kerala.gov.in

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ പൊഴുതന ഗ്രാമപഞ്ചായത്തിൻെറ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

## AUDIT CERTIFICATE

No. KSA.WYD.P1-16/2017

Kerala State Audit Department

District Audit Office,

Wayanad, Kalpetta ,

Dated:16/01/2017.

Email- dowyd.ksad@kerala.gov.in

## CERTIFICATE

Certified that I have examined the Annual Financial Statement of Pozhuthana Grama Panchayat in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Pozhuthana Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

District office, Wayanad.